**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി**
**09.11.2016-ന് കൂടുന്ന മീറ്റിംഗ് അജണ്ട**
**സമയം - രാവിലെ 11.30 ന്**
**സ്ഥലം. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അസംബ്ലി മന്ദിരത്തിലെ 715 നമ്പർ ചേംബർ**

1. **പൊതുവിഷയങ്ങൾ**

**2. 2016-17 വാർഷിക പദ്ധതി രൂപീകരണത്തിന്റെ പുരോഗതി അവലോകനം**

1. ഗ്രാമപഞ്ചായത്തുകൾ, 2. ബ്ലോക്ക് പഞ്ചായത്തുകൾ
3.നഗരസഭകൾ 4. ജില്ലാ പഞ്ചായത്തുകൾ

3. പ്രത്യേക വിഷയങ്ങൾ

**3.1 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 24.10.2016-ലെ എ 2-191/16 നമ്പർ കത്ത് കൊല്ലം ജില്ലാ പഞ്ചായത്ത് മൃഗ സംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നായ്ക്കളുടെ ജനന നിയന്ത്രണവും പേ വിഷ പ്രതിരോധ പദ്ധതിയും നടപ്പാക്കുന്ന പദ്ധതി സംബന്ധിച്ച് (തദ്ദേശസ്വയംഭരണ (ഡി.സി ) വകുപ്പ്)**

കൊല്ലം ജില്ലയിലെ 68 ഗ്രാമപഞ്ചായത്തുകളെയും സംയോജിപ്പിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് 3.15 കോടി രൂപ അടങ്കൽ വകയിരുത്തി മേൽ പ്രോജക്ട് നടപ്പാക്കുന്നതിനുള്ള ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് അനുമതി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3.2 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27/09.2016-ലെ എ 2/91/16 നമ്പർ കത്ത് - ഓരോ വീട്ടിലും ഒരു കശുമാവ് - തരിശുരഹിത കൊല്ലം ജില്ലയിൽ കശുമാവ് കൃഷി വ്യാപനം പദ്ധതി - സർക്കാർ അനുമതി - സംബന്ധിച്ച്**
**(തദ്ദേശസ്വയംഭരണ (ഡി.ബി )വകുപ്പ്)**

കൊല്ലം ജില്ലാ പഞ്ചായത്ത് സർക്കാരിന്റെയും, ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെയും , കശുവണ്ടി വികസന കോർപ്പറേഷന്റെയും സംയുക്ത സഹകരണത്തോടെ ജില്ലയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് ഒരു ബൃഹത് പദ്ധതി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ആവശ്യമായ സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3.3 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.07.2016-ലെ എ 2-191/16 നമ്പർ കത്ത്- ടെക്നിക്കൽ സ്കൂൾ സൂപ്രണ്ടിനെ പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായി നിയമിക്കുന്നത് സംബന്ധിച്ച്**
**(തദ്ദേശസ്വയംഭരണ (ഡി.ബി )വകുപ്പ്)**

കൊല്ലം ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളാണ് എഴുകോൺ, തേവള്ളി എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന രണ്ട് ടെക്നിക്കൽ സ്കൂളുകൾ. ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അധീനതയിലല്ല ടി സ്കൂളുകൾ പ്രവർത്തിക്കുന്നത്. നിർവഹണ ഉദ്യോഗസ്ഥൻ ഇല്ലാത്തതിനാൽ ടി ടെകിനിക്കൽ സ്കൂളുകളിൽ നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും , ഫർണിച്ചർ, ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമുള്ള പ്രോജക്ട് നിർവഹണം നടത്താൻ പറ്റാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ഏഴുകോൺ ടെക്നിക്കൽ സ്കൂൾ സൂപ്രണ്ടിനെ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ നിർവഹണ ഉദ്യോഗസ്ഥനായി നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അഭ്യർത്ഥിക്കുന്നു.

**3.4 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.07.2016-ലെ എ 2-191/16 നമ്പർ കത്ത്- ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സൂപ്രണ്ടിനെ പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായി നിയമിക്കുന്നത് സംബന്ധിച്ച്**

**(തദ്ദേശസ്വയംഭരണ (ഡി.ബി )വകുപ്പ്)**

കൊല്ലം ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമാണ് പുനലൂരിൽ പ്രവർത്തിച്ചു വരുന്ന ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് . ടി ഇൻസ്റ്റിറ്റ്യൂട്ടിൽ 300 ഓളം വിദ്യാർത്ഥികൾ പഠിച്ചു വരുന്നു. ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അധീനതയിലല്ല ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. നിർവഹണ ഉദ്യോഗസ്ഥൻ ഇല്ലാത്തതിനാൽ ടി ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും , ഫർണിച്ചർ, ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമുള്ള പ്രോജക്ട് നിർവഹണം നടത്താൻ പറ്റാത്ത സാഹചര്യമാണുള്ളത്, അതിനാൽ ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സൂപ്രണ്ടിനെ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ നിർവഹണ ഉദ്യോഗസ്ഥനായി നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അഭ്യർത്ഥിക്കുന്നു.

**3.5 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.07.2016-ലെ എ 2-191/16 നമ്പർ കത്ത്- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ജില്ലാ പഞ്ചായത്തിനെ കൂടി സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുത്തുന്നത് -സംബന്ധിച്ച്**

**(തദ്ദേശസ്വയംഭരണ (ഡി.എ 1)വകുപ്പ്)**

കൊല്ലം ജില്ലയിലെ 19000 ക്ഷീര കർഷകരിൽ നിന്നും 262 ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലൂടെ 1,12,000 ലിറ്റർ പാൽ പ്രതിദിനം സംഭരിക്കുന്നുണ്ട്. ക്ഷീര കർഷകർക്ക് പ്രാദേശികമായി ലഭിക്കുന്ന പാൽ വിലയെക്കാൾ കുറഞ്ഞ വിലയ്ക്കാണ് ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്നത്.

എന്നാൽ ജില്ലാ പഞ്ചായത്തിന് ക്ഷീര മേഖലയെ സഹായിക്കുന്നതിന് തുക വകയിരുത്താൻ നിലവിലുള്ള മാർഗരേഖ അനുവദിക്കുന്നില്ല. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത പ്രോജക്ടുകൾക്ക് തുക വകയിരുത്താൻ കഴിഞ്ഞ അവസ്ഥയാണ് ഈ സാഹചര്യത്തിൽ ക്ഷീര സഹകരണ സംഘങ്ങൾ വഴി ഒരു ലിറ്റർ പാലിന് 3/- രൂപ എന്ന സബ്സിഡിയിൽ 50 പൈസ ജില്ലാ പഞ്ചായത്തിന്റേതായി വകയിരുത്തിയാൽ ക്ഷീര കർഷകർക്ക് ഒരളവിൽ ഇത് വലിയൊരാശ്വാസമാകും. പാലിന് സബ്സിഡി നൽകുന്ന പ്രോജക്ടിൽ തുക വകയിരുത്തുന്നതിന് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ട് നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവുണ്ടാകുന്നതിന് അഭ്യർത്ഥിക്കുന്നു.

**3.6 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.09.2016-ലെ എ 2-191/16 നമ്പർ കത്ത്- മാനസികാരോഗ്യ രംഗത്ത് അഭിവൃദ്ധിക്കായി 24 മണിക്കൂർ ഹെൽപ്പ് ലൈനായി പ്രവർത്തിക്കുന്ന ഒരു സെൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്(തദ്ദേശസ്വയംഭരണ (ഡി.ബി )വകുപ്പ്)**

24 മണിക്കൂർ സഹായം ലഭ്യമാക്കാൻ കഴിയുന്ന ഒരു ഹെൽപ്പ് ലൈനോടുകൂടിയ ടീം ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ നേതൃത്വത്തിലും, സർക്കാർ വകുപ്പിന്റെ സേവന സദ്ധതയുള്ള സൈക്കോളജിസ്റ്റ് യോഗ്യതയുള്ളവരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചുകൊണ്ടും, സന്നദ്ധ സാമൂഹ്യ പ്രവർത്തകരുടെ സഹായത്താലും ഒരു പ്രശ്ന പരിഹാര സമാശ്വാസ സെന്റർ എന്ന ആശയം ജില്ലാ പഞ്ചായത്ത് 2016-17 പദ്ധതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നും ടി പദ്ധതി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഉത്തരവുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

**3.7 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 15.07.2016-ലെ എ 2-389/15 നമ്പർ കത്ത്- ക്ഷീര വികസന വകുപ്പ് 2016-17 സാമ്പത്തിക വർഷം കറവമാടുകളെ വാങ്ങുന്നതിന് പലിശരഹിത വായ്പ അനുവദിക്കുന്നതിലേയ്ക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നത് - സംബന്ധിച്ച്** **(തദ്ദേശസ്വയംഭരണ (ഡി.ബി )വകുപ്പ്)**

ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് കറവമാടുകളെ വാങ്ങുന്നതിന് പലിശരഹിത വായ്പ അനുവദിക്കുന്നതിലേയ്ക്കായി റിവോൾവിംഗ് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണ്. ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ ടി പദ്ധതി നടപ്പിലാക്കുന്നതിന് പ്രോജക്ട് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന വനിത കർഷകർക്ക് പലിശ രഹിത വായ്പയായി ഒരു കറവ മാടിന് 40,000/- രൂപ എന്ന നിരക്കിൽ അനുവദിച്ച് നിശ്ചിത കാലയളവിനുള്ളിൽ നിശ്ചിത ഗഡുക്കളായി തിരികെ (പാൽ വിലയിൽ നിന്നും ) ഈടാക്കി ടി തുക അർഹരായ മറ്റ് കർഷകർക്ക് വീണ്ടും അനുവദിച്ച് റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കാവുന്നതാണ്. ഒരു ക്ഷീര സംഘത്തിലെ അർഹരായ ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റിൽ നിന്നും ആദ്യ പത്ത് പേർക്ക് 40,000/- രൂപ വീതം അനുവദിക്കാവുന്നതാണ്. 2016-17 സാമ്പത്തിക വർഷം ജില്ലയിലെ തെരഞ്ഞെടുക്കപ്പെടുന്ന 26 ക്ഷീര സംഘങ്ങളിലൂടെ പദ്ധതി നടപ്പിലാക്കാം. ആയതിനാൽ ക്ഷീര മേഖലയക്ക് സഹായകരമാകുന്ന റിവോൾവിംഗ് ഫണ്ട് പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക അനുമതി അഭ്യർത്ഥിക്കുന്നു.

**3.8 തഴക്കര ഗ്രാമപഞ്ചായത്ത് - എല്ലാ വീട്ടിലും ബയോഗ്യാസ് പദ്ധതി സംബന്ധിച്ച്** **(തദ്ദേശസ്വയംഭരണ (ഡി.സി )വകുപ്പ്)**

2012-13 വാർഷിക പദ്ധതിക്കായി തഴക്കര ഗ്രാമപഞ്ചായത്തിൽ ഖര മാലിന്യ നിർമ്മാർജ്ജനത്തിനായി എല്ലാ വീട്ടിലും ബയോഗ്യാസ് എന്ന നൂതന പദ്ധതി വിജയകരമായി നടപ്പിലാക്കിയിരുന്നു. 2012-13 വർഷത്തിൽ നടപ്പാക്കിയ ടി പദ്ധതിക്ക് ആവശ്യമായ ധനസഹായം പൂർണ്ണ തോതിൽ ശുചിത്വ മിഷനിൽ നിന്നും ഇനിയും ലഭിക്കാത്തതിനാൽ പ്ലാന്റ് സ്ഥാപിച്ചു നൽകിയ RAIDCO എന്ന സർക്കാർ സ്ഥാപനത്തിന് (രൂപ 9,18000/-) തുക കൊടുത്തു തീർക്കുവാൻ ബാക്കിയുണ്ട്. 153 പ്ലാന്റുകളാണ് സ്ഥാപിച്ചു നൽകിയത്. ഒരു പ്ലാന്റിന് 12,000 രൂപാ പ്രകാരം 18,36000/- രൂപയാണ് RAIDCO യ്ക്ക് നൽകേണ്ടത്. അതിൽ പകുതി കൊടുത്തു തീർത്തു.

RAIDCO , കണ്ണൂർ ജോയിന്റ് ജോയിന്റ് രജിസ്ട്രാർ കോടതിയിൽ നിർവഹണ ഉദ്യോഗസ്ഥർക്കെതിരെ കേസ് ഫയൽ ചെയ്യുകയും അവർക്ക് ലഭിക്കേണ്ട തുകയും മൂന്നു വർഷത്തെ പലിശയും അടക്കം 11,28,727 രൂപയ്ക്ക് ആവശ്യം ഉന്നയിക്കുകയും ചെയ്തിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ RAIDCO യ്ക്ക് നൽകുവാനുള്ള തുക ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്നതിനുവേണ്ട പ്രത്യേക അനുമതിയാണ് അഭ്യർത്ഥിക്കുന്നത്

**3.9 ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് - സ്ട്രീറ്റ് ലൈറ്റ് റിപ്പയറും പഴയത് മാറ്റി സ്ഥാപിക്കലും സംബന്ധിച്ച്** **(ഫയൽ നം.964768/ഡി.എ 3/2016/തസ്വഭവ)**

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിനുള്ള പ്രോജക്ടിന് അംഗീകാരം വാങ്ങിയിരുന്നു. ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് / വികസനഫണ്ട് ഈ പ്രവൃത്തിക്കായി പൂർണ്ണമായി കണ്ടെത്താൻ സാധിക്കാത്തതിനാൽ റോഡിതര ഫണ്ടിൽ ഉൾപ്പെടുത്തി പ്രോജക്ടിന് അംഗീകാരം വാങ്ങിയ നടപടിക്ക് സാധൂകരണം നൽകണമെന്നും പ്രോജക്ടിന് അനുമതി നൽകണമെന്നുമുള്ളതാണ് അപേക്ഷ.

**3.10 ഭൂരഹിത കേരളം പദ്ധതി സംബന്ധിച്ച് (ഫയൽ നം.139/ഡി.ബി1/2016/തസ്വഭവ)**

കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമപഞ്ചായത്തിൽ താമസക്കാരനായ ശ്രീ. കെ.എം.അഹമ്മദ്കുട്ടി എന്നവർക്ക് ഭൂരഹിത കേരളം പദ്ധതിയിൽ എരമംകുറ്റൂർ ഗ്രാമപഞ്ചായത്തിലാണ് ഭൂമി അനുവദിച്ചിട്ടുള്ളത്. നിലവിലുള്ള സർക്കാർ മാനദണ്ഡ പ്രാകരം മൂന്ന് വർഷമെങ്കിലും ഒരു പഞ്ചായത്തിൽ താമസമാണെങ്കിൽ മാത്രമേ ആ പഞ്ചായത്തിൽ നിന്നും ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ താമസിക്കുന്ന പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്ന് ഉറപ്പാക്കി ഭൂമി ലഭിച്ച പഞ്ചായത്തിന്റെ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്നാണ് അപേക്ഷ.

**3.11 പുനലൂർ നഗരസഭ- പുനലൂർ നഗരസഭ വക സ്റ്റേഡിയം, പ്രൈവറ്റ് ബസ് സ്റ്റാൻഡ് എന്നിവയ്ക്ക് വേണ്ടി സ്ഥലം അക്വയർ ചെയ്തതിന്റെ ഭാഗമായി എൽ.എ.ആർ. കേസുകളിലായി നഗരസഭ ഒടുക്കുവരുത്തുവാനുള്ള തുക 2016-2017 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് (ഫയൽ നം.134/ആർ.സി1//2016/തസ്വഭവ)**

പുനലൂർ നഗരസഭ വക സ്റ്റേഡിയം, പ്രൈവറ്റ് ബസ് സ്റ്റാൻഡ് എന്നിവയ്ക്ക് വേണ്ടി സ്ഥലം അക്വയർ ചെയ്തതിന്റെ ഭാഗമായി എൽ.എ.ആർ. കേസുകൾ ബഹു. കൊട്ടാരക്കര സബ് കോടതി തീർപ്പാക്കിയിട്ടുള്ളതാണ്. ടി കേസുകളിലായി 57,60,969/- രൂപ നഗരസഭ അടിയന്തിരമായി നൽകേണ്ടതായിട്ടുണ്ട്. നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പോലും നഗരസഭയ്ക്ക് തനത് ഫണ്ട് തികയാത്ത സാഹചര്യത്തിൽ എൽ.എ.ആർ. കേസുമായി ബന്ധപ്പെട്ട് ഒടുക്ക വരുത്തുവാനുള്ള തുകയായ 57,60,969/- രൂപ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച് നൽകുന്നതിന് അനുമതിയാണ് അഭ്യർത്ഥിക്കുന്നത്.

**3.12 കേരള ഗവൺമെന്റ് കോൺട്രാക്ടേഴ്സ് ഫെഡറേഷന്റെ 5/9/16-ലെ അപേക്ഷ (ഫയൽ നം.744/ഡി.സി3/2016/തസ്വഭവ)**

നിലവിലുള്ള കരാറുകാരെ കേപ്പബിലിറ്റി സർട്ടിഫിക്കറ്റിൽ നിന്ന് ഒഴിവാക്കുക, 15 ലക്ഷം രൂപവരെയുള്ള പ്രവൃത്തികളെ ഇ-ടെണ്ടറിൽ നിന്ന് ഒഴിവാക്കുക, ചെറിയ ചെറിയ പ്രവൃത്തികൾ ഒന്നിച്ച് ടെണ്ടർ ചെയ്യുന്നത് ഒഴിവാക്കി ചെറുകിട കരാറുകാർക്ക് പ്രവൃത്തി ലഭിക്കും വിധത്തിൽ ടെണ്ടറുകൾ ക്ഷണിക്കുക എന്നീ ആവശ്യങ്ങൾ കോഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരിക്കുന്നു.

**3.13 തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് -തെരുവുവിളക്ക് പരിപാലനം നടത്തിയതിന്റെ തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച് (ഫയൽ നം.209/ഡി.എ 3/2016/തസ്വഭവ)**

തൃക്കോവിൽ വട്ടം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ പ്രോജക്ട് പ്രകാരം നടത്തിയ തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച 277620/- രൂപയുടെ വർക്ക് പ്രോജക്ടിൽ നിന്നും അധികരിച്ച് ചെയ്യുകയുണ്ടായി. പെരുമാറ്റച്ചട്ടം നിലവിൽ വന്നത് പ്രോജക്ട് റിവിഷനെ ബാധിച്ചിരുന്നു. ആയതിനാൽ ടി തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകണമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ 29.06.2016-ലെ 1(3) നമ്പർ തീരുമാനം കോഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരിക്കുന്നു.

**3.14 വടകര ബ്ലോക്ക് പഞ്ചായത്ത് വോളിഗ്രാമം പദ്ധതി സംബന്ധിച്ച്**

**(ഫയൽ നം.274/ഡി.ഡി2/2016/തസ്വഭവ)**

വടകര ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വെക്കേഷൻ സമയത്തും മറ്റ് അവധി ദിവസങ്ങളിലും കുട്ടികൾക്ക് വോളിബോൾ പരിശീലനം നൽകുന്നതിനുവേണ്ടി വോളീഗ്രാമം 2016 എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതി 2016 ഏപ്രിൽ 11 മുതൽ നടന്നു വരുകയാണ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുകയില്ല എന്ന വ്യവസ്ഥയിലാണ് 17.02.2016-ലെ സംസ്ഥാന കോഓർഡിനേഷൻ കമ്മിറ്റി വോളീഗ്രാമം പദ്ധതിക്ക് അനുമതി നൽകിയത്. ആയതിനാൽ പ്രാദേശികമായി ശേഖരിച്ച ഫണ്ട് ഉപയോഗിച്ചാണ് നാളിതിവരെ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള നാല് ഗ്രാമപഞ്ചായത്തുകളും ഫണ്ട് വകയിരുത്തുന്നതിന് 27.05.2016-ലെ ബ്ലോക്ക് പഞ്ചായത്ത് മീറ്റിംഗിൽ തീരുമാനമായിട്ടുണ്ട്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് കൂടി ഫണ്ട് വകയിരുത്തി പദ്ധതിയുടെ മൊത്തത്തിലുള്ള നിർവഹണത്തിന് അനുമതി നൽകണമെന്ന് അപേക്ഷിക്കുന്നു.

**3.15 ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് - 'മൊബൈൽ ജറിയാട്രിക് പാലിയേറ്റീവ് ക്ലിനിക്ക്' എന്ന പ്രോജക്ടിന് അംഗീകാരം സംബന്ധിച്ച്**

**(ഫയൽ നം.304/ഡി.ഡി2/2016/തസ്വഭവ)**

അവികസിത മലയോര പ്രദേശങ്ങൾ ഉൾപ്പെടുന്ന ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ താമസിച്ചു വരുന്ന വയോജനങ്ങൾ വാർദ്ധക്യ സഹജമായ നിരവധി രോഗങ്ങളാൽ ദുരിതമനുഭവിച്ചു വരികയാണ്. താമസ സ്ഥലത്തുനിന്നും ഏറെ അകലെ സ്ഥിതിചെയ്യുന്ന സർക്കാർ ആശുപത്രികളിൽ ചെന്ന് ചികിത്സ തേടുക എന്നത് വയോജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറെ ദുഷ്കരമാണ്.മാസത്തിൽ 25 ദിവസങ്ങളിലായി ഓരോ ദിവസവും പ്രത്യേക വാഹനത്തിൽ നിശ്ചിത കേന്ദ്രങ്ങളിൽ എത്തി വയോജനങ്ങൾക്ക് ആവശ്യമായ ചികിത്സാ സൗകര്യമൊരുക്കുന്ന പ്രവർത്തനങ്ങളാണ് മേൽ പ്രോജക്ടിൽ വിഭാവനം ചെയ്യുന്നത്. ഈ സാഹചര്യത്തിൽ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന 'മൊബൈൽ ജറിയാട്രിക് പാലിയേറ്റീവ് ക്ലിനിക്ക്' എന്ന പ്രോജക്ട് പ്രാവർത്തികമാക്കുന്നതിന് പ്രത്യേക അനുമതിയാണ് അഭ്യർത്ഥിക്കുന്നത്.

**3.16 ആലങ്ങാട് ഗ്രാമപഞ്ചായത്ത് - എസ്.സി. പഠനവീട് പദ്ധതി- സംബന്ധിച്ച്**

**(ഫയൽ നം.248/ഡി.ബി1/2016/തസ്വഭവ)**

ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ പഠനവീട് പദ്ധതിയിലൂടെ 100 കുട്ടികൾക്ക് ഗുണം ലഭിച്ചിരുന്നു. എസ്.സി. ഫണ്ട് ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പാക്കിയിരുന്നത്. 2016-17 വർഷത്തെ പദ്ധതി മാർഗരേഖയിൽ പ്ലാൻ ഫണ്ട് ഓണറേറിയമായി നൽകുവാൻ പാടില്ല. എന്ന നിർദ്ദേശം വന്നിരുന്നു. ഇത് മൂലം പഠനവീട് എന്ന പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചില്ല. എസ്.സി.ഫണ്ട് ലാപ്സാകുന്ന ഈ കാലഘട്ടത്തിൽ എസ്.സി. ഫണ്ട് ഉപയോഗിച്ച് എസ്.സി. വിഭാഗം പദ്ധതികൾക്ക് ഓണറേറിയം നൽകുന്നതിനുള്ള അനുമതി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**3.17 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആശുപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം നടത്തുന്നതിനുള്ള കേരള ആയുർവേദ സൊസൈറ്റി കോഴിക്കോടിനുള്ള അനുമതി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ (ഫയൽ നം.322/ഡി.എ 1/2016/തസ്വഭവ)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആശുപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം നടത്തുന്നതിനുള്ള അനുമതി 10.02.2014 വരെ നൽകിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുള്ള പ്ലാൻ & നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഔഷധ വിതരണം കാര്യക്ഷമമായി നിർവഹിച്ചു വരുന്നുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് താങ്ങാവുന്ന വിധം കേരള സർക്കാർ സ്ഥാപനമായ ഔഷധിയുടെ വിലയിലാണ് ഔഷധങ്ങൾ നൽകി വരുന്നത്. ഓർഡർ അനുസരിച്ച് ഒരു മാസത്തിനുള്ളിൽ തന്നെ ഔഷധങ്ങൾ ആശുപത്രികൾക്ക് നൽകി വരുന്നത്. ഒരു സഹകരണ സ്ഥാപനമെന്ന നിലയ്ക്ക് വളരെ ഗുണമേന്മയേറിയ ഔഷധങ്ങളാണ് സംഘം ഫാക്ടറിയിൽ നിർമ്മിച്ച് വിതരണം നടത്തി വരുന്നത്. ഈ സാഹചര്യത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്കാവശ്യമായ ഔഷധങ്ങൾ വിതരണം നടത്തുന്നതിനുള്ള അനുമതി 59 വർഷത്തെ പ്രവർത്തന പരിചയമുള്ള കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് പുതുക്കി അനുവദിച്ചു തരണമെന്നാണ് അപേക്ഷിക്കുന്നത്. കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ കഴിഞ്ഞ 5 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും കഴിഞ്ഞ 5 വർഷങ്ങളിൽ സൊസൈറ്റി വിതരണം ചെയ്യുന്ന മരുന്നുകളുടെ അളവും സ്വീകരിച്ച സ്ഥാപനങ്ങളുടെ വിവരവും സൊസൈറ്റി സമർപ്പിച്ചിട്ടുണ്ട്. കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മിക്കുന്ന മരുന്നുകളുടെ വില, ഗുണനിലവാരം, integenious medicine കൈകാര്യം ചെയ്യുന്ന ഡി.എം,ഒ , മറ്റു ഉയർന്ന ഉദ്യോഗസ്ഥർ എന്നിവർ വിലയിരുത്തുകയും ഗുണമേന്മ പരിശോധിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റേഷൻ ദീർഘിപ്പിച്ചു നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.18 കോട്ടയ്ക്കൽ നഗരസഭ – പ്ലാൻ ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് /നോൺ റോഡ് ഫണ്ട്/തനത് ഫണ്ട് യുവജനങ്ങളുടെ രജിസ്റ്റേർഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകുന്നത് സംബന്ധിച്ച് (ഫയൽ നം.198/എഫ്.എം.2/2016/തസ്വഭവ)**

കോട്ടയ്ക്കൽ നഗരസഭയിൽ ഒട്ടനവധി സ്പോർട്സ് ക്ലബുകൾ സ്പോർട്സ് കിറ്റ് ആവശ്യപ്പെട്ട് മുനിസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിക്കും പ്ലാൻ ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് /നോൺ റോഡ് ഫണ്ട്/തനത് ഫണ്ട് ഉപയോഗിച്ച് സ്പോർട്സ് കിറ്റ് നൽകുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷിക്കുന്നു.

**3.19 പറവൂർ നഗരസഭ – 24.10.2016-ലെ ചാത്തന്നൂർ എം.എൽ.എയുടെ കത്ത് - റവന്യൂ റിക്കവറി ഒഴിവാക്കുന്നത് സംബന്ധിച്ച് (ഫയൽ നം.284/ഡി.ബി.1/2016/തസ്വഭവ)**

പറവൂർ നഗരസഭയിൽ 2012-13-ൽ നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ മാർഗരേഖയിൽ പറഞ്ഞിരിക്കുന്നതിന് വിരുദ്ധമായി (11 കുടുംബങ്ങൾ) വിസ്തീർണ്ണം അധികരിച്ച് കെട്ടിടം നിർമ്മിച്ചതിനാൽ പദ്ധതിപണം തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതിനാൽ ടി ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നതിന് ഇളവ് നൽകി റവന്യൂ റിക്കവറി നടപടിയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3.20 എടയൂർ ഗ്രാമപഞ്ചായത്ത് - ഭവന നിർമ്മാണ പദ്ധതി ബാങ്ക് വായ്പ സംബന്ധിച്ച്**
**(ഫയൽ നം.282/ഡി.ബി.1/2016/തസ്വഭവ)**

എടയൂർ ഗ്രാമപഞ്ചായത്തിൽ 300 ഭവന രഹിത കുടുംബങ്ങൾ ഉണ്ട്. നിലവിലുള്ള ഭവന പദ്ധതികൾ പ്രകാരം വളരെ ചുരുക്കം പേർക്കു മാത്രമേ ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ സാധിക്കുകയുള്ളൂ. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതും ഇ.എം.എസ് ഭവന പദ്ധതിക്ക് പഞ്ചായത്തിന് വായ്പ നൽകിയതുമായ വടക്കുംപുറം സർവീസ് സഹകരണ ബാങ്ക് വായ്പ നൽകാൻ തയ്യാറായിട്ടുണ്ട്. ഏറ്റവും അർഹരായ 57 പേർക്ക് ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതം സബ്സിഡി നൽകുന്നതിന് ആവശ്യമായ 11400000/- രൂപ വടക്കുംപുറം സർവീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷിക്കുന്നു.